സഭയുടേയും മുമ്പാകെ കൊണ്ടുവരാനുള്ളത് ഒന്നു മാത്രമാണ്. ഇവർക്ക് ഒരു വെൽഫെയർ ഫണ്ട് ഏർപ്പെടുത്തണമെന്നും ക്ഷേമനിധിയിൽ ഇവരെ പെടുത്തണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ കാര്യങ്ങളാണ്. കക്ക വാരൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ക്ഷേമ പദ്ധതികളുടെയൊന്നും ആനുകൂല്യം ലഭ്യമാകുന്നില്ല. വളരെ പിന്നോക്കം നിൽക്കുന്ന, സമൂഹത്തിലെ ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു വിഭാഗം തന്നെയാണ് അവർ. വെള്ള കക്കയും കറുത്ത കക്കയും വാരുന്നവരെല്ലാം കൂടി മുപ്പതിനായിരത്തിൽ താഴെയാണുള്ളത്. അവർക്കുമാത്രമായി ഒരു ക്ഷേമനിധി എന്നുപറയുന്നത് പ്രായോഗികമല്ല. കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവർക്ക് പ്രത്യേകമായി ഒരു സ്കീം ഏർപ്പെടുത്തുന്നതിനെ കുറിച്ച് നമുക്ക് ഗൗരവമായി ആലോചിക്കാം. കേന്ദ്ര ഗവൺമെന്റ് ഈ അസംഘടിത മേഖലയ്ക്കുവേണ്ടി പ്രത്യേക ക്ഷേമനിധി അഖിലേൻഡ്യാ തലത്തിൽകൊണ്ടുവരുന്നുണ്ട്. അതിൽ ഇവരെക്കൂടി ഉൾപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്.

(2) കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. ബിനോയ് വിശ്വം : സർ, നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. ലാഭത്തിലേക്ക് നീങ്ങുകയാണ്. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കി മാറ്റാൻ ഏറ്റവും കൂടുതൽ പാടുപെട്ടത് അവിടത്തെ തൊഴിലാളികളാണ്.

മി.സ്പീക്കർ: അതല്ല, നഷ്ടത്തിലുള്ള ബസ്സുകളെല്ലാം നിർത്തിയതു കൊണ്ടാണ്.

ശ്രീ. ബിനോയ് വിശ്വം : അവരുടെ ചോര നീരാക്കി അവർ പണിയെടുത്തു. ഈ സ്ഥാപനത്തെ ഉപ്പും ചോറുമായി കണ്ടുകൊണ്ട് പൂർണ്ണമായ സാമൂഹിക ബോധത്തോടുകൂടി മുപ്പതിനായിരത്തോളം തൊഴിലാളികൾ നടത്തിയിട്ടുള്ള അനവധി വർഷങ്ങളിലെ നിരന്തരമായ പരിശ്രമമാണ് കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കി മാറ്റിയത്. അതിൽ ഇപ്പോഴത്തെ മന്ത്രിക്കും മുൻമന്ത്രിക്കും ഡയറക്ടർ ബോർഡിനുമൊക്കെ പങ്കുണ്ടായിരിക്കും. പക്ഷേ ഏറ്റവും കൂടുതൽ പങ്കു വഹിച്ച തൊഴിലാളികളോടുള്ള സമീപനം എന്താണ് ? മഹാനായ അലക്സാണ്ടർ ചക്രവർത്തി ഇൻഡ്യ കീഴടക്കി. ചോദ്യം ഒരു പട്ടാളക്കാരൻ പോലും കൂടെ ഇല്ലായിരുന്നോ ? എങ്ങനെ കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കി മാറ്റി ? ഒരു കണ്ടക്ടറും ഒരു ഡ്രൈവറും ഒരു മെക്കാനിക്കും ഒരു തൂപ്പുകാരനും ഒരു സ്കാവഞ്ചറും ഇല്ലാതെയാണോ ലാഭകരമാക്കി മാറ്റിയത് ? എന്തു കിട്ടി ? അവർക്ക് ഡി.എ. കൊടുക്കുന്നില്ല. ബാക്കിയെല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിലും ഡി.എ. 45 ശതമാനമായിരിക്കേ കെ.എസ്.ആർ.ടി.സി.യിൽ ഒരുപാട് കാലങ്ങളായി ഡി.എ. 24 ശതമാനം മാത്രം. അവർക്ക് പ്രൊമോഷനുകളില്ല. മുപ്പത് കൊല്ലമായി തൊഴിലാളികൾക്ക് ഒരേ പോസ്റ്റാണ്. പെൻഷൻ ഇല്ല. ആനുകൂല്യമില്ലാതെ നിൽക്കുന്ന ആ തൊഴിലാളികൾക്ക് അവകാശപ്പെട്ട ആനുകൂല്യം കിട്ടിയേ മതിയാകൂ. അത് എപ്പോൾ കിട്ടുമെന്ന് പറയാനുള്ള സന്മനസ്സ് അങ്ങ് കാണിക്കാൻ അപേക്ഷിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : കെ.എസ്.ആർ.ടി.സി. തൻ മാസത്തിൽ ലാഭത്തിലായിരുന്നു എന്നുള്ളത് ശരിയാണ്. 516 കോടി രൂപയുടെ കടം കൊടുത്തു തീർക്കാനുണ്ടായിരുന്നു. അതിൽ ഇപ്പോൾ 240 കോടി രൂപ വരെ കൊടുത്തു. ഇനിയും ഉണ്ട്. 1998-ൽ പെൻഷൻ പറ്റിയ തൊഴിലാളികളുടെ പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെ കൊടുത്തു തീർത്തിട്ടില്ല. 2001 മേയ്, കഴിഞ്ഞ ഗവൺമെന്റ് പോയ സമയത്ത് വരെ പെൻഷനായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ ഇനിയും ഒരു മാസം കൂടി വേണം. ഇടയ്ക്ക് സുപ്രീം കോടതിയുടെ വിധി വന്നു. കുറേ പണം കൂടെ കൊടുക്കേണ്ടി വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിരിഞ്ഞു പോയ ആർക്കും ഒന്നും കൊടുത്തില്ല. വാങ്ങിയ ഇനത്തിൽ ഡീസലിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് മാത്രം 30 കോടി രൂപ കൊടുക്കാനുണ്ട്. ചെയ്സിസ് വാങ്ങിയവകയിലും കൊടുക്കാനുണ്ട്. ലാഭമായി എന്നു പറയുന്നത്, അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് ഈ മാസം ലാഭമായി എന്നാണ്. അല്ലാതെ ലാഭമായി എന്നു പറയുന്നത് ശരിയല്ല. താത്വികമായി ശരിയാണെങ്കിലും യാഥാർത്ഥ്യവുമായി ബന്ധമില്ല. കെ.എസ്.ആർ.ടി.സി. യുടെ വരുമാനം ഏതാണ്ട് 620 കോടി രൂപയാണ്. ഉദ്ദേശകണക്കാണ് പറയുന്നത്. ഏതാണ്ട് 350 കോടി രൂപ ശമ്പളം നൽകുന്നതിനു വേണ്ടി ചെലവഴിക്കുകയാണ്. ഇൻഡ്യയിൽ ഏറ്റവും ശമ്പളം കൂടുതൽ കൊടുക്കുന്ന, പെൻഷൻ ആനുകൂല്യം കൊടുക്കുന്ന ഏക കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി. ആണ്. ഇൻഡ്യയിൽ പെൻഷൻ എല്ലാ സ്ഥലത്തും ഇല്ല. പെൻഷൻ മാത്രം കൊടുക്കുന്നത് ഒരു മാസം 8 കോടിയിൽ ചിലാനം രൂപയാണ്. ഡി.എ. വേണമെന്നു പറഞ്ഞാൽ കൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്, ഉണ്ടെങ്കിൽ കൊടുക്കാം. തൊഴിലാളികൾ വളരെ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. അതിന് അഭിപ്രായ വ്യത്യാസം ഒന്നും ഇല്ല, പണം കിട്ടണമെങ്കിൽ അവർ ആത്മാർത്ഥമായി സഹകരിച്ചല്ലേ പറ്റൂകയുള്ളൂ. ഒരു സംശയവും ഇല്ല. പക്ഷെ എന്താണ് സ്ഥിതിയെന്നു ചോദിച്ചാൽ ഈ പറയുന്ന ആനുകൂല്യം കൊടുക്കണമെങ്കിൽ 54 കോടി രൂപ കൂടുതൽ വേണം. കെ.എസ്. ആർ.ടി.സി. യുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ എത്ര വിചാരിച്ചാലും പറ്റില്ല. ഒരു കാര്യം ഞാൻ സഭക്ക് ഉറപ്പു തരാം. അങ്ങ് പറഞ്ഞതുകൊണ്ട്, കിട്ടുന്ന പണത്തിൽ എന്തു ലാഭം വന്നാലും, ആ ലാഭം കോടതികൾ പറഞ്ഞ വിധി അനുസരിച്ച് കൊടുത്തു തീർക്കേണ്ട തുക, ഇപ്പോൾ ഹൈക്കോടതി പറഞ്ഞിരിക്കുന്നത് ഓരോ ദിവസത്തേയും 10% കളക്ഷൻ, പഴയ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കണമെന്നാണ്. അങ്ങനെ വരുമ്പോൾ അഞ്ചോ ആറോ കോടി രൂപ ഓരോ മാസവും അതു തന്നെ മാറ്റി വയ്ക്കേണ്ടി വരും. ഒരു കാര്യം പറയാം. സർപ്ലസ് വരുന്ന ഫണ്ട് തീർച്ചയായും ബസ് വാങ്ങാനല്ല ഉപയോഗിക്കുന്നത്. ബസ് വാങ്ങുന്നത് ഹഡ്കോയിൽ നിന്ന് കടം വാങ്ങിയാണ്. സർപ്ലസ് വരുന്ന ഫണ്ട് എപ്പോൾ വന്നാലും അത് തൊഴിലാളികൾക്ക് കൊടുക്കാൻ വേണ്ടി വിനിയോഗിക്കും.

(3) കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ആനത്താര പദ്ധതി

ശ്രീമതി രാധാ രാഘവൻ : നോർത്ത് വയനാട് (എസ്.ടി.) നിയോജക മണ്ഡലത്തിൽപ്പെട്ട കൊട്ടിയൂർ പഞ്ചായത്തിലും, തവിഞ്ഞാൽ പഞ്ചായത്തിലും ആനത്താര പദ്ധതി പ്രകാരം 37 ഹെക്റ്റർ ഭൂമി കൂടി ഇനിയും വനം വകുപ്പ് ഏറ്റെടുക്കേണ്ടതുണ്ട് ഇത് ഏറ്റെടുത്ത് കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും നൽകേണ്ട നഷ്ട പരിഹാരം വിതരണം ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം.

വനവും, സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : ആനത്താര പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സെന്റ് പെർസെന്റ് സ്പോൺസേഡ് സ്കീം— പ്രോജക്ട് എലിഫന്റ് സ്കീം അനുസരിച്ചാണ് ഈ സംസ്ഥാനത്ത് നടപ്പിലാക്കിയത്. വടക്കേ വയനാട് ജില്ലയിലെ കൊട്ടിയൂർ റേഞ്ചിൽ 41.578 ഹെക്ടർ ഭൂമി 7 റീച്ചുകളിലായിട്ട് ഏറ്റെടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. ഇതുവരെയായി 4 റീച്ചുകളിലായി 27.1254 ഹെക്ടർ ഭൂമിക്ക് നഷ്ട പരിഹാരം കൊടുത്ത് ഏറ്റെടുത്തു കഴിഞ്ഞു. ഇനി അവശേഷിക്കുന്നത് 14.4526 ഹെക്ടർ ഭൂമിയാണ്. ഇത് ഏറ്റെടുക്കണമെങ്കിൽ 5 ലക്ഷം രൂപ ചെലവുവരും. ഈ 5 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന മുറയ്ക്കേ നമുക്ക് ഇത് എടുക്കാൻ സാധിക്കൂ. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. എന്റെ ജില്ലയിലാണ് കൊട്ടിയൂർ പഞ്ചായത്ത്. ഏറെ ആളുകൾ ഇതുകൊണ്ട് പ്രയാസപ്പെടുകയാണ്. കാരണം ലാന്റ് മാർക്ക് ചെയ്തു കഴിഞ്ഞു. ആ ഭൂമി മറ്റൊന്നിനും ഉപയോഗിക്കാൻ സാധിക്കില്ല. പക്ഷെ കേന്ദ്ര ഗവൺമെന്റിൽ നിന്നും പണം കിട്ടുന്ന മുറയ്ക്ക് മാത്രമേ അത് ഏറ്റെടുക്കാൻ സാധിക്കൂ. കേന്ദ്ര സർക്കാരിൽ നിന്ന് പണം ലഭ്യമാക്കാനുള്ള നടപടികൾ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുണ്ട്. പണം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(4) കർഷക തൊഴിലാളി പെൻഷൻ

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : കഴിഞ്ഞ 22 മാസക്കാലമായി കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യാത്തതിനെത്തുടർന്ന് സംസ്ഥാനത്തെ പാവപ്പെട്ട തൊഴിലാളികൾ കടുത്ത പ്രയാസങ്ങൾ നേരിടുകയാണ്. ഈ ആവശ്യങ്ങൾക്ക് 57 കോടി രൂപ വച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അനുവദിച്ച തുക തന്നെ ട്രഷറി ബാൻ കാരണം ലഭ്യമാകുന്നില്ല. കുടിശ്ശിക തീർക്കാനുള്ള മുഴുവൻ തുകയും കിട്ടണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly